# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1384** — **04.12.2014-** ൽ മറുപടിക്ക്

## കേളകം -അടക്കത്തോട് പൊതുമരാമത്ത് റോഡ് നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | കേളകം -അടക്കത്തോട് പൊതുമരാമത്ത് റോഡ് നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ ; | (എ) | ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചെയിനേജിലുണ്ടായ മാറ്റം കാരണവും, നൽകിയ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാലും, പുതുക്കിയ ഭരണാനുമതി ക്കായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (ബി) | റോഡ് പ്രവൃത്തി തടസ്സപ്പെടാൻ കാരണങ്ങൾ എന്തെല്ലാം; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (ബി) | നിലവിൽ കി.മി. 1/000 മുതൽ 7/000 വരെയുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കാണ് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി യിരുന്നത്. എന്നാൽ ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കിയതിനാൽ, പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക നിലവിൽ ഭരണാനുമതി നൽകിയ കി.മി. 1/000 മുതൽ 7/000 വരെയുള്ള പ്രവൃത്തിക്ക് തികയാത്തതിനാൽ, ആയത് കി.മി. 0/000 മുതൽ 4/000 വരെയാക്കി പരിമിതപ്പെടുത്തി അംഗീകാരം നൽകണമെന്നുള്ള സംബന്ധിച്ചുള്ള ചീഫ് എഞ്ചിനീയറുടെ ശുപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. എന്നാൽ നിലവിലുള്ള ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഈ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകേണ്ടതായിട്ടുണ്ട്. ഇതു സംബന്ധിച്ച ശുപാർശയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ